## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2834** **13-10-2021 - ൽ മറുപടിയ്ക്ക്**

## തിരൂർ പുഴയുടെ നിലവിലെ സാഹചര്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂർപുഴ മാലിന്യം നിറഞ്ഞും വശങ്ങൾ ഇടിഞ്ഞും വലിയ ഭീഷണി നേരിടുന്ന നിലവിലെ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തിരൂർ പുഴയിൽ തലക്കടത്തൂർ മുതൽ നടുവിലങ്ങാടി വരെയുള്ള ഭാഗങ്ങൾ മലിനീകരിക്കപ്പെട്ടതായി നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തിരൂർ പുഴയിലേയ്ക്ക് എത്തിച്ചേരുന്ന താഴെപ്പാലത്ത് പഴയ പൊന്നാനി തോട് വൃത്തിയാക്കുന്നതിനും വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനും തോടിൽ നിന്ന് പുഴയിലേയ്ക്ക് വരുന്ന മാലിന്യം തടയുന്നതിനും തോട് പുഴയിലേയ്ക്ക് സംഗമിക്കുന്ന സ്ഥാനത്ത് ഒരു ഗ്രേറ്റിംഗ് കൊടുക്കുന്നതിനും പോറ്റൂർ ഭാഗത്ത് വശങ്ങൾ ഇടിഞ്ഞ പുഴയുടെ ഭാഗം കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. പനമ്പാലത്ത് വശംകെട്ടി സംരക്ഷിക്കുന്നതിന് എസ്.ഡി.ആർ.എഫ് പദ്ധതിയിലുൾപ്പെടുത്തി 25 ലക്ഷം രൂപയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. എന്നാൽ കാലാവസ്ഥ അനുകൂലമല്ലാത്തതിനാൽ പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നില്ല. കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കാവുന്നതുമാണ്. |
| (ബി) | തിരൂർപുഴ ശുദ്ധീകരിച്ച് വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | തിരൂർ പുഴയിൽ തലക്കടത്തൂർ മുതൽ നടുവിലങ്ങാടി വരെയുള്ള ഭാഗങ്ങൾ മലിനീകരിക്കപ്പെട്ടതായി നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തിരൂർ പുഴയിലേയ്ക്ക് എത്തിച്ചേരുന്ന താഴെപ്പാലത്ത് പഴയ പൊന്നാനി തോട് വൃത്തിയാക്കുന്നതിനും വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനും തോടിൽ നിന്ന് പുഴയിലേയ്ക്ക് വരുന്ന മാലിന്യം തടയുന്നതിനും തോട് പുഴയിലേയ്ക്ക് സംഗമിക്കുന്ന സ്ഥാനത്ത് ഒരു ഗ്രേറ്റിംഗ് കൊടുക്കുന്നതിനും പോറ്റൂർ ഭാഗത്ത് വശങ്ങൾ ഇടിഞ്ഞ പുഴയുടെ ഭാഗം കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. പനമ്പാലത്ത് വശംകെട്ടി സംരക്ഷിക്കുന്നതിന് എസ്.ഡി.ആർ.എഫ് പദ്ധതിയിലുൾപ്പെടുത്തി 25 ലക്ഷം രൂപയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. എന്നാൽ കാലാവസ്ഥ അനുകൂലമല്ലാത്തതിനാൽ പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നില്ല. കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ